# പ്രചാരണം

കുറ്റിപ്പുഴ കൃഷ്ണപിള്ള



പ്രചാരണം

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Watching, a painting by Stephen Seymour Thomas (1868–1956). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രചാരണം
# (Propaganda)



മുറിയൽ ലസ്റ്റർ

മഹാത്മാഗാന്ധി ലണ്ടൻ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന് ആതിഥ്യം നൽകി സുപ്രസിദ്ധനായിത്തീർന്ന മുറിയൽ ലസ്റ്റർ അവരുടെ ലോകപര്യടനത്തിനിടയിൽ ഒരിക്കൽ കേരളത്തിലും സഞ്ചരിക്കുകയുണ്ടായി. അന്ന് ആ മഹതിചെയ്ത ഒരു പ്രസംഗം ഇതെഴുതുന്ന ആൾക്കും കേൾക്കാനിടവന്നു. അതിൽ അവർ പറഞ്ഞ ഒരു കാര്യം ഒരിക്കലും മായാത്തവിധം മനസ്സിൽ പതിഞ്ഞു. താൻ മൂന്ന് പ്രാവശ്യം ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ചെന്നും ഈ സഞ്ചാരങ്ങൾക്കിടയിൽ ഒരു സംഗതി ഏറ്റവും കൂടുതലായി തനിക്കനുഭവപ്പെട്ടുവെന്നും ആണ് അവർ പറഞ്ഞത്. എന്താണിത്? ഏത് രാജ്യത്ത് ചെന്നാലും സത്യാവസ്ഥ എന്തെന്ന് അറിയാൻ വയ്യായ്ക: തത്ത്വജ്ഞാനിയുടെ സത്യമല്ല, അവർ അന്വേഷിച്ചത്. ഓരോ രാജ്യത്തിലെയും രാഷ്ട്രീയവും സാമൂഹ്യവുമായ സ്ഥിതിഗതികൾ—അവയുടെ സത്യാവസ്ഥ—അതെങ്ങനെ അറിയാനാണ്? ഗവണ്മെന്റ് പ്രസിദ്ധീകരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾപോലും ഇന്ന് ഒരു രാജ്യത്തും വിശ്വസിക്ക വയ്യാതായിരിക്കുന്നു! പ്രചാരണം അത്രമാത്രം കൊടുമ്പിരിക്കൊണ്ട് മതിഭ്രാമകവും കലുഷവുമായി ലോകമാസകലം പടർന്നുപിടിച്ചിരിക്കയാണ്. അതിന്റെ കരിനിഴൽ ബാധിക്കാത്ത ഒരിടവും ഇന്ന് ഭൂലോകത്തിലില്ല. വമ്പിച്ച രാഷ്ട്രങ്ങൾ ലക്ഷക്കണക്കിനല്ല, കോടിക്കണക്കിനാണ് പ്രചാരണത്തിനുവേണ്ടി പണം ചെലവുചെയ്യുന്നത്.

പ്രചാരണം പണ്ടും ഉണ്ടായിരുന്നിരിക്കാം. എന്നാൽ, ഇന്നത്തെപ്പോലെ അതൊരു കലാരൂപം പൂണ്ട് ജനസമുദായത്തെ വിഭ്രമിപ്പിച്ചിരുന്നില്ല. ഇന്ന് കാണുന്നവിധം പ്രചാരണം മനോമോഹനമായ ഒരു കലയാക്കിത്തീർത്തത് കമ്യൂണിസ്റ്റ് പാർട്ടിയും സോവിയറ്റ് റഷ്യയുമാണെന്ന് പറയാം. കമ്യൂണിസ്റ്റുകാരുടെ ഒന്നാമത്തെ ആയുധമാണത്. വഴിയെ പോകുന്നവരെ കൈയും മെയ്യും കാട്ടി വശീകരിക്കുന്ന വാരനാരികളുടെ രൂപവും ഭാവവും അവർ ഈ കലാവിദ്യയിൽ അടക്കംചെയ്തിട്ടുണ്ട്. തന്മൂലം പ്രചാരണത്തിന് ഒരു നല്ല വശമുണ്ടെങ്കിൽത്തന്നെ അത് ദുഷ്ടവും ഭ്രഷ്ടവുമായിപ്പോയി. ഈ ദുഷിച്ച സമ്പ്രദായം തല്ക്കാലകാര്യസിദ്ധിക്കായി ഇപ്പോൾ അമേരിക്ക തുടങ്ങിയ മറുതലകളും സ്വീകരിച്ചിരിക്കയാണല്ലോ. സത്യപ്രകാശം പുറത്ത് കടക്കാതിരിക്കാനുള്ള വഴികൾ കണ്ടുപിടിക്കുന്നതിലാണ് ഇന്ന് ഇരുകൂട്ടരും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. എന്തൊരു ദുരവസ്ഥയാണിതെന്ന് നോക്കുക! ചേരിത്തലവന്മാരായ അമേരിക്കയും റഷ്യയും പ്രചാരണത്തിനായി ചെലവിടുന്ന സംഖ്യയുടെ വലിപ്പം ആലോചിച്ചാൽ നാം അമ്പരന്ന് പോകും. ഇതിന്റെയൊക്കെ ഫലമോ, ഇരുകൂട്ടർ പറയുന്നതും ഇന്ന് ആളുകൾ വിശ്വസിക്കാതായിരിക്കുന്നു!

നുണപറയുക മാത്രമല്ല, പറയുന്ന നുണ ഇങ്ങനെ ചായം പുരട്ടി സംഘടിതരൂപത്തിൽ ലോകമൊട്ടാകെ പ്രചരിപ്പിക്കുന്നതിന് കോടികോടിയായി ധനം ദുർവ്യയംചെയ്യുകയെന്നത് ഈ നവയുഗത്തിന്റെ ഒരു പ്രധാന ലക്ഷണമായിത്തീർന്നിട്ടുണ്ട്. തുടർച്ചയായ പുരോഗമനം ഇതിൽ മാത്രമാണ്—അതീതകാലങ്ങളിലൊരിക്കലും പൊതുവഞ്ചനയ്ക്ക് ഇതുപോലെ വിശ്വവ്യാപകമായ പ്രതിഷ്ഠ ലഭിച്ചിട്ടില്ല. പ്രചാരണം ഒന്ന് വിശകലനംചെയ്ത് നോക്കുന്നത് രസകരമായിരിക്കും. അതിനകത്ത് പല വിദ്യകളും കാണാം. വെറും നുണ പറഞ്ഞ് പരത്തുക, നേരും നുണയും കലർത്തുക, നേര് പറയാതെ മിണ്ടാതിരിക്കുക, നേരിന് നേർമവരുത്തി നുണ ഊതിവീർപ്പിക്കുക ഇങ്ങനെ പലതും. അമേരിക്കയുടെയും റഷ്യയുടെയും ഔദ്യോഗികമായ പ്രസ്താവനകൾ, പ്രസംഗങ്ങൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ ഇവയെല്ലാംതന്നെ മേല്പറഞ്ഞ കൗശലങ്ങൾക്ക് ഉദാഹരണങ്ങളാണ്. അതുമാത്രമോ? ഈ രാജ്യങ്ങളുടെ സ്വാധീനവലയത്തിൽ കുടുങ്ങിക്കിടക്കുന്ന ഗ്രന്ഥകാരന്മാരും ഇത്തരം പ്രചാരണത്തിന്റെ ദല്ലാളന്മാരായിപ്പോകുന്നു. അവരുടെ എഴുത്തും പ്രസംഗവും ഇന്ന് വിശ്വാസയോഗ്യങ്ങളായി കരുതാൻ വിഷമം. ലോകപ്രസിദ്ധന്മാരായ ചില ഗ്രന്ഥകാരന്മാർ പോലും രാഷ്ട്രീയരംഗത്തിലെ ചേരിതിരിവിൽപ്പെട്ട് പ്രചാരണത്തിന് അടിമകളായി തങ്ങളുടെ സൽകീർത്തിക്ക് ഹാനിവരുത്തിയിട്ടുണ്ട്. പ്രചാരണത്തിന്റെ സമ്മർദ്ദംമൂലം സാഹിത്യാദികലകളും അധഃപതിച്ചിരിക്കുന്നുവെന്ന് പറയാതെ നിവൃത്തിയില്ല. കലയിൽ ഒരുതരം പ്രചാരണം ഉണ്ട്. അത് സ്വീകാര്യംതന്നെ. എന്നാൽ, അത് വ്യംഗ്യഭംഗിയിൽ വന്നുചേരുന്നതാണ്. അത് വാച്യമായിപ്പോയാൽ കലാഭംഗി നശിക്കും. ഇന്നത്തെ സാഹിത്യകൃതികളിൽ കാണുന്ന പ്രചാരണം മിക്കവാറും വാച്യംതന്നെയാണ്. അത്തരം പുസ്തകങ്ങൾ ഒരു തവണ വായിച്ചുതീർക്കാനുള്ള ക്ഷമപോലും നമുക്കുണ്ടാകുന്നില്ല. രാഷ്ട്രീയമായ പ്രചാരണത്തിന് സർവപ്രാധാന്യം ലഭിച്ചതിനുശേഷം റഷ്യ, അമേരിക്ക മുതലായ രാജ്യങ്ങളിൽനിന്ന് പുറപ്പെട്ടിട്ടുള്ള സാഹിത്യകൃതികൾ പരിശോധിച്ചാൽ അവയിൽ മുക്കാൽ പങ്കും ഉത്തമസാഹിത്യകോടിയിൽ ഉൾപ്പെടുന്നവയല്ലെന്ന് കാണാം.

ഇപ്രകാരം നാനാപ്രകാരേണ പ്രചാരണംകൊണ്ട് സത്യം മറയ്ക്കാൻ തുടങ്ങിയാൽ ഇത് എവിടെച്ചെന്നവസാനിക്കും? ‘അന്യതമേവ വ്യവഹാരജയ ഹേതുഃ’ എന്ന് വിഷ്ണുപുരാണത്തിൽ കലിയുഗസ്വഭാവത്തെപ്പറ്റി പറഞ്ഞിട്ടിട്ടുണ്ട്. ഈ പ്രമാണമാണെന്ന് തോന്നുന്നു ഇന്നത്തെ രാഷ്ട്രങ്ങളുടെ രാജ്യതന്ത്രത്തിന് അവലംബം. എന്നാൽ, നുണ പറഞ്ഞ് പറഞ്ഞ് അങ്ങേയറ്റത്തെത്തിയാൽ അത് ജയത്തിൽ കലാശിക്കുമോ? ‘ഒരൊറ്റ നുണ മുടന്തനാണ്. അത് തനിച്ച് നിൽക്കയില്ല’ (A lie is a cripple, it cannot stand alone) എന്നൊരു പണ്ഡിതൻ പറഞ്ഞിട്ടുണ്ട്. ഒരു മുടന്തൻ നുണയെ താങ്ങിനിർത്താൻ അതിന്റെകൂടെ പല നുണകളും പറയേണ്ടിവരും. അങ്ങനെ താങ്ങുകൊടുത്തുകൊടുത്ത് ഒടുവിൽ എല്ലാംകൂടി തട്ടിത്തകർന്ന് താഴെ വീഴത്തക്ക നിലയിലെത്തിയാലോ?

‘സത്യമേവ ജയതി നാനൃതം’ എന്ന ആർഷവചനം അപ്പോൾ അർത്ഥവത്തായേക്കും.

(ചിന്താതരംഗം 1953)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014